Annual Subscription: ₹ 50/-

JEEVADHWANI

# ജീവധ്വനി

ഒരു ക്രൈസ്തവ സാമൂഹ്യ സാഹിത്യ പത്രിക



# JEEVADHWANI

Editor:
K.R. JOSE

Associate Editor:
C.J. VARGHESE

*Published in the interest of*
**Church of Christ Youths' Association, Thrissur**

VOLUME 49
BOOK 10
2017 OCTOBER


## 'Salvation is of the Lord.' (Jonah 2:9)

Salvation is the work of God. It is He alone who quickens the soul 'dead in trespasses and sins,' and it is He also who maintains the soul in its spiritual life. He is both 'Alpha and Omega.' If I am prayerful, God makes me prayerful. If I have graces, they are God's gift to me. If I hold on in a consistent life, it is because He upholds me with His hand. I do nothing toward my own preservation, except what God Himself first does in me. If I sin, that is my own doing; but if I act rightly, that is of God, wholly and completely. Do I live before men a consecrated life? It is not I, but Christ who lives in me. Am I sanctified? I did not cleanse myself - God's Holy Spirit sanctifies me. Am I weaned from the world? I am weaned by God's chastisement sanctified to my good. Do I grow in knowledge? The great Instructor teaches me. He only is my rock and my salvation. Do I feed on the Word? That Word would be no food for me unless the Lord made it food for my soul and helped me to feed on it. Am I continually receiving fresh increase of strength? Where do I gather my might? My help comes from heaven's hills. Without Jesus I can do nothing. As a branch cannot bring forth fruit except it abide in the vine, no more can I, except I abide in Him. What Jonah learned in the great deep, let me learn this morning in my prayer closet. Salvation is of the Lord.

**C. H. Spurgeon**

*It is a ministry. We need your helps and Prayers.*


Office:
Kalathil House
Deepthi Nagar
P.O. Poothole
Thrissur-4, Kerala
Phone: 2382363



Editorial Board
T.D. SAMUEL
T.F. JOHNSON
K.M. JOHN
K.J. THOMAS
MINI STEPHEN



Annual Subscription

**In India ₹ 50-00**

**Overseas ₹ 100-00**

**Please send your subscriptions and donation to the treasurer:**
**JOY FRANCIS**, Ebenezer Printers, Thrissur - 680 012




# പോരാട്ടവും വിജയവും

നന്മ, തിന്മ എന്നീ വിരുദ്ധശക്തികളുടെ പ്രവർത്തനരംഗമാണു ജീവിതം. മനുഷ്യജീവിതത്തിന്റെ ആരംഭംമുതൽക്കുതന്നെ ഈ വിരുദ്ധശക്തികളുടെ പോരാട്ടം തുടങ്ങിക്കഴിഞ്ഞിരുന്നു. ഓരോ വ്യക്തിയുടെയും സ്വഭാവത്തിൽ നന്മയുടെയും തിന്മയുടെയുമായ വിരുദ്ധഭാവങ്ങൾ ദൃശ്യമാണ്. സ്നേഹവും ക്രൂരതയും, ദയയും സ്വാർത്ഥതയും, ക്ഷമയും കോപവും, സത്യവും നുണയും, ദൈവികവും പൈശാചികവും, ഗുണാത്മകവും നിഷേധാത്മകവും എന്നിങ്ങനെ അവ നീണ്ടുപോകുന്നു.

ഈ വിരുദ്ധശക്തികളുടെ പോരാട്ടം നിറഞ്ഞതാണു മനുഷ്യജീവിതം. നന്മയെ ദൈവികമെന്നും തിന്മയെ പൈശാചികമെന്നും ലളിതവൽക്കരിച്ചു പൊതുവേ പറയാം. ബൈബിളിലെ വെളിപ്പാടു പുസ്തകം ദൈവികവും സാത്താന്യവുമായ ശക്തികളുടെ സംഘട്ടനത്തിന്റെയും ഒടുവിൽ ദൈവികശക്തിയുടെ വിജയത്തിന്റെയും ചിത്രീകരണമായി കരുതുന്നുണ്ട്.

പഴയനിയമ കാലഘട്ടത്തിൽ ഭൗതികമായ സംഘട്ടനങ്ങളുടെ അഥവാ യുദ്ധങ്ങളുടെ സംഭവങ്ങളും വിവരണങ്ങളും പ്രധാനമായി നാം കാണുന്നുണ്ട്. എന്നാൽ പുതിയനിയമ കാലഘട്ടത്തിലേക്കു കടന്നുവരുമ്പോൾ ആന്തരികമായ, ആത്മികമായ സംഘട്ടനത്തിന്റെ ചരിത്രമാണു നാം കാണുന്നത്: ജഡികവും ആത്മികവും തമ്മിലുള്ള പോരാട്ടം, സാത്താന്യവും ദൈവികവും തമ്മിലുള്ള പോരാട്ടം, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം - പാപത്തിനെതിരെയുള്ള പോരാട്ടം. പൗലൊസ് അപ്പൊസ്തലൻ എഫെസ്യർക്ക് എഴുതിയ തന്റെ ലേഖനത്തിൽ ഇതു വ്യക്തമാക്കിയിട്ടുണ്ട്: 'നമുക്കു പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രേ?' (എഫെ. 6:12).


നാം പോരാടേണ്ടതു ജഡരക്തങ്ങളോടുകൂടിയ മനുഷ്യരോടല്ല, അവരിൽ പ്രവർത്തിക്കുന്ന അന്ധകാരശക്തിയോടാണ്, അഥവാ പിശാചിനോടും അവന്റെ സേനകളോടുമാണ്.

യേശുക്രിസ്തു ഇതിനു നല്ല ഒരു ഉദാഹരണം കാണിച്ചുതന്നിട്ടുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷാവിധി ഏറ്റെടുക്കുവാനായി ക്രൂശുമരണം അനുഭവിപ്പാൻ പോകുന്ന കാര്യം പറഞ്ഞപ്പോൾ പത്രൊസ് യേശുവിനെ വേറിട്ടുകൊണ്ടുപോയി 'നിനക്ക് അങ്ങനെ സംഭവിക്കരുത്' എന്നു പറഞ്ഞപ്പോൾ 'സാത്താനേ, എന്നെ വിട്ടുപോ' എന്നാണു യേശു അവനോടു പറഞ്ഞത് (മത്തായി 16:23). 'പത്രൊസേ, എന്നെ വിട്ടുപോ' എന്നു പറഞ്ഞില്ല. അതായത് പത്രൊസിനെക്കൊണ്ട് അങ്ങനെ പറയിപ്പിച്ചതു സാത്താനാണ് എന്നു യേശു വ്യക്തമായി അറിഞ്ഞിട്ടുണ്ട്. പത്രൊസിനെ യേശു വെറുക്കുകയോ അകറ്റുകയോ ചെയ്തില്ല.

നമുക്കെതിരേ സ്വന്ത ബന്ധുക്കളോ ആത്മീയ സഹോദരങ്ങളോ എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ കർത്താവു കാണിച്ചതുപോലെ, അവരെ വെറുക്കാതെ അവരിൽ പ്രവർത്തിക്കുന്ന സാത്താന്റെ ചിന്തകളെയും പ്രവർത്തനത്തെയും പുറത്താക്കുവാൻ പ്രാർത്ഥിക്കയാണു വേണ്ടത്. നമ്മുടെ പോരാട്ടത്തിന്റെ ആയുധങ്ങൾ ഭൗമികമല്ല, ആത്മികമാണ് ആയിരിക്കേണ്ടത്.

കർത്താവു കാണിച്ചുതന്ന മറ്റൊരു സംഭവം വളരെ നല്ല ഒരു മാതൃകയാണ്. തന്നെ പിടിക്കുവാനായി എതിരാളികൾ വരുന്നതറിഞ്ഞു യേശു ശിഷ്യന്മാരോടു വാൾ എടുക്കുവാൻ പറഞ്ഞു. എന്നാൽ ശത്രുക്കളിൽ ഒരാൾ തന്നെ പിടിച്ചപ്പോൾ പത്രൊസ് താൻ കൊണ്ടുവന്നിരുന്ന വാളെടുത്ത് അവനെ വെട്ടി കാത് അറുത്തു. അപ്പോൾ യേശുകർത്താവു പത്രൊസിനോട്: 'വാൾ ഉറയിൽ ഇടുക, വാൾ എടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചുപോകും' എന്നാണു പറഞ്ഞത് (മത്തായി 26:52). ഒരു വലിയ സത്യമാണു യേശു ശിഷ്യന്മാരെ പഠിപ്പിച്ചത്: ജഡിക ആയുധംകൊണ്ടല്ല ശത്രുവിനെ എതിർക്കേണ്ടത് എന്ന പാഠം. പിന്നെ എന്ത് ആയുധങ്ങളാണു നാം പ്രയോഗിക്കേണ്ടത്? പൗലൊസ് അപ്പൊസ്തലൻ അതിന് ഉത്തരം പറയുന്നുണ്ട്: 'പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽക്കുവാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ... നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻതക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ' (എഫെ. 6:11–17). ഇങ്ങനെയുള്ള ആത്മീയ ആയുധങ്ങൾ ധരിച്ചു നാം പിശാചിനോടു പോരാടി വിജയം വരിക്കുവാൻ പ്രയത്നിക്കാം, പ്രാർത്ഥിക്കാം. ദൈവം നമ്മോടു കൂടെയുണ്ട് ●

**കെ.ആർ.ജെ.**




# മൂലഭാഷകളുടെ സൗന്ദര്യം!

*(തുടർച്ച)*

**എം. വി. സെബാസ്റ്റ്യൻ, കൊട്ടേക്കാട്**

*(ബൈബിളിന്റെ മൂലഭാഷകൾ പ്രധാനമായും ഹീബ്രുവും ഗ്രീക്കും ആണ്. പഴയനിയമം ഹീബ്രുവിലും, പുതിയനിയമം ഗ്രീക്കിലും എഴുതപ്പെട്ടു. വായനക്കാരെ മൂലഭാഷകളിൽ പാണ്ഡിത്യമുള്ളവരാക്കുക എന്നതല്ല ഈ ലേഖനപരമ്പരയുടെ ലക്ഷ്യം, പിന്നെയോ ചില വാക്യങ്ങളിലുള്ള സംശയങ്ങൾ മൂലഭാഷകൾ പരിശോധിച്ച് ദൂരീകരിക്കുക എന്നതും, മറ്റു ചില വാക്യങ്ങളുടെ യഥാർത്ഥ സൗന്ദര്യം മൂലഭാഷകൾ പരിശോധിച്ച് ആസ്വദിക്കുകയും ചെയ്യുക എന്നതാണ്.)*

8. **'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു *തുണ* ഉണ്ടാക്കിക്കൊടുക്കും'** (ഉല്പത്തി 2:18).

ബൈബിളിൽ വിവാഹത്തെക്കുറിച്ചുള്ള ആദ്യത്തെ വാക്യമാണിത്. ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് നമുക്ക് ഈ വാക്യം പരിശോധിക്കാം:

**(1) ആരാണ് വിവാഹം എന്ന ആശയം അവതരിപ്പിച്ചത്?** പല വിവാഹങ്ങളും തകർച്ചയിലാണ്. ചില ഭാര്യാഭർത്താക്കന്മാർ ഹൃദയത്തിൽ ഐക്യമില്ലെങ്കിലും മറ്റുള്ളവരെ ബോധിപ്പിക്കാനായി ഒരുമിച്ചു ജീവിക്കുന്നു; വേറെ ചിലർ വിവാഹമോചനം നേടുന്നു. ഇക്കാര്യങ്ങളിൽ നമ്മുടെ സുവിശേഷകന്മാരുടെ മക്കളും മോശക്കാരല്ല. അപ്പൻ ആനപ്പുറത്തിരുന്നതിന്റെ തഴമ്പ് മക്കളുടെ ദേഹത്ത് ഉണ്ടാവില്ല എന്നു സമാധാനിക്കുകയേ നിവൃത്തിയുള്ളൂ. വിവാഹജീവിതം കലഹമായിത്തീർന്ന്, സമാധാനം നഷ്ടപ്പെടുമ്പോൾ, അരിശത്തോടെ ചിലർ ചോദിക്കുന്ന ചോദ്യമാണ്: 'ആരാണ് ഈ വിവാഹം കണ്ടുപിടിച്ചത്? അവനെ ഞാൻ...' വേണ്ട സുഹൃത്തേ; ആവേശം ഇത്രയും വേണ്ട. നിന്റെ കോപം ഒതുക്കൂ. എന്തുകൊണ്ടെന്നാൽ വിവാഹം എന്ന ആശയം വിരിഞ്ഞത് സാക്ഷാൽ ദൈവത്തിന്റെ മനസ്സിലാണ്! 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും' എന്ന പ്രഖ്യാപനം സ്രഷ്ടാവായ ദൈവത്തിന്റേതാണ്.

തെറ്റായ തീരുമാനങ്ങളൊന്നും ദൈവത്തിന്റെ മനസ്സിൽ ഉരുത്തിരിയുകയില്ല. വിവാഹം എന്ന ദൈവിക ആശയം മോശമായി ആർക്കെങ്കിലും തോന്നുന്നുവെങ്കിൽ, അത് അവരുടെ ഭാഗത്തെ തെറ്റു

കൊണ്ടാണ്. ദൈവം മനുഷ്യന്റെ ഗുണത്തിനും സന്തോഷത്തിനും വേണ്ടി ക്രമീകരിച്ച വിവാഹം എന്ന സംവിധാനം വികലമാക്കുന്നവർ അതിനു ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. കാരണം ദൈവം നല്ലതായി അവതരിപ്പിച്ച ഒന്നിനെ മോശമായി കാണാനോ, മോശമായി മാറ്റാനോ നമുക്ക് അധികാരമില്ലല്ലോ.

**(2) ആരാണ് ഭാര്യ?** 'പൂമുഖവാതിൽക്കൽ സ്നേഹം വിതറുന്ന പൂന്തിങ്കളാകുന്നു ഭാര്യ' എന്നാണ് രമേശൻ നായർ എന്ന കവി കണ്ടെത്തിയത്. ഈ വരിയിൽ, 'സ്നേഹം' എന്നതിനു പകരം 'കോപം' എന്നും 'പൂന്തിങ്കൾ' എന്നതിനു പകരം 'പൂതന' എന്നും മാറ്റിപ്പറഞ്ഞു പാടുന്നവരുമുണ്ട്! കുടുംബജീവിതം ആസ്വദിക്കാൻ കഴിയാതെ പോയ ഹതഭാഗ്യരാണ് അങ്ങനെ പാടുന്നത്. 'അവളെന്റെ കണ്ണിന്റെ കൃഷ്ണമണിയാണ്' (She is the apple of my eye) എന്നു മറ്റൊരാൾ എഴുതിയത് ഓർക്കുന്നു. ഭാര്യയെക്കുറിച്ചുള്ള കവിതകൾ വായിക്കാനുള്ള കൗതുകം നിമിത്തം ഗൂഗിളിൽ 'poems on wife' എന്നു ടൈപ് ചെയ്തു പരതിയപ്പോൾ കണ്ടത് ധാരാളം കവിതകൾ! ഭാര്യ അതാണ്... ഭാര്യ ഇതാണ്... ഭാര്യ ഇങ്ങനെയുള്ളവളാണ്... ഭാര്യ അങ്ങനെയുള്ളവളാണ്... എന്തൊക്കെ വർണ്ണനകൾ!

വാസ്തവത്തിൽ ഭാര്യ ആരാണ്? ദൈവം തന്ന മറുപടിയെക്കാൾ വലുത് വേറെയുണ്ടോ? – **തക്ക തുണ**! ഒരു പുരുഷനെ സംബന്ധിച്ചിടത്തോളം ഭാര്യ അവനു തക്ക തുണയാണ്. 'അയാൾക്കു പറ്റിയ സഹായി' എന്ന് ഓശാന ബൈബിളും, 'അവനു ചേർന്ന ഇണ' എന്നു പി.ഒ.സി. ബൈബിളും പരിഭാഷപ്പെടുത്തിയിരിക്കുന്നു. 'പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്' എന്ന് 1 കൊരിന്ത്യർ 11:9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ചില ഫെമിനിസ്റ്റുകളുടെ മണ്ടയ്ക്കിട്ടു കൊടുത്ത ഒരു കൊട്ട് കൂടിയാണ് ഈ വാക്യം. ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ദൈവത്തിന് ആലോചന പറഞ്ഞുകൊടുക്കാനായി തങ്ങളുടെ കൂട്ടത്തിലെ ആരും അക്കാലത്തില്ലായിരുന്നു എന്ന് ആ ഫെമിനിസ്റ്റുകൾ ആശ്വസിച്ചുകൊള്ളട്ടെ.

**(3) ആരാണ് 'തക്ക തുണ'?** തക്ക തുണ എന്ന പ്രയോഗത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കാൻ നമുക്കു മൂലഭാഷ പരിശോധിക്കാം. 'എയ്സർ' ('ezer, ay'-zer) എന്ന പദമാണ് ഹീബ്രുവിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്ക് 21 തവണ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു. അതിൽ ആദ്യത്തേതാണ് ഉല്പത്തി 2:18; അതായത്, നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന വാക്യം. മറ്റുള്ളവയിൽ ചിലത് താഴെ കൊടുക്കുന്നു:

(1) പുറപ്പാട് 18:4 'എന്റെ പിതാവിന്റെ ദൈവം എനിക്കു തുണ (എയ്സർ) യായി.' ഇവിടെ ദൈവത്തെയാണ് തുണയായി മോശെ

പറഞ്ഞിരിക്കുന്നത്. ദൈവം എല്ലായ്പോഴും മോശെയോട് ഒപ്പമുണ്ടായിരുന്നു. മോശെയുടെ ഉയർച്ചകളിലും താഴ്ചകളിലും ദൈവം ഒപ്പമുണ്ടായിരുന്നു.


(2) ആവർത്തനം 33:7 'ശത്രുക്കളുടെ നേരെ നീ (ദൈവം) അവനു (യെഹൂദയ്ക്ക്) തുണ (എയ്സർ) യായിരിക്കണമേ.'

(3) സങ്കീർത്തനം 121:2 'എന്റെ സഹായം (എയ്സർ) ...യഹോവയിങ്കൽനിന്നു വരുന്നു.'

(4) ഹോശേയ 13:9 'യിസ്രായേലേ, നിന്റെ സഹായ (എയ്സർ) മായിരിക്കുന്ന എന്നോടു നീ മറുക്കുന്നത് നിന്റെ നാശം ആകുന്നു.' 'എയ്സർ' എന്ന വാക്ക് വരുന്ന അവസാനത്തെ വാക്യമാണിത്. ദൈവത്തെയാണ് ഇവിടെ തുണ (സഹായം) എന്നു പറഞ്ഞിരിക്കുന്നത്. 'എയ്സർ' എന്ന പദം വരുന്ന 21 വാക്യങ്ങളിൽ, 16 എണ്ണത്തിലും ദൈവത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ഇത്രയും വാക്യങ്ങളുടെ അടിസ്ഥാനത്തിൽ, ആരാണ് തുണ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താം: (1) തുണ എപ്പോഴും കൂടെയുണ്ടായിരിക്കും; (2) തുണ ആവശ്യമറിഞ്ഞ് സഹായിക്കും; (3) തുണ ശത്രുവിന്റെ മുമ്പിൽ പ്രതിരോധമുയർത്തും. ദൈവം എന്ന തുണ (എയ്സർ) ഇതൊക്കെ ചെയ്യുന്നുണ്ട്. അതുകൊണ്ടാണല്ലോ നാം ഇതുവരെ നിലനിന്നത്. എന്നാൽ ഭാര്യ എന്ന തുണയോ? എപ്പോഴും കൂടെയുണ്ടായിരിക്കുന്ന കാര്യത്തിൽ ആദാമിന്റെ തുണയായ ഹവ്വാ പരാജയപ്പെട്ടു. അതുകൊണ്ടാണല്ലോ പിശാചിന് അവളോടു സ്വതന്ത്രമായി സംസാരിക്കാൻ കഴിഞ്ഞത്. ആവശ്യമറിഞ്ഞു സഹായിക്കുന്ന കാര്യത്തിൽ ഇയ്യോബിന്റെ തുണയായ 'മിസിസ് ഇയ്യോബ്' പരാജയപ്പെട്ടു. അവന്റെ കഷ്ടതയിൽ ഒരു ആശ്വാസവാക്ക് പറയേണ്ടതിനു പകരം 'മരിച്ചുകളക' എന്നാണ് അവൾ പറഞ്ഞത്. ശിംശോൻ തന്റെ തുണയെന്നു കരുതിയ ദെലീലാ ശത്രുവിന്റ മുമ്പിൽ അവനെ പ്രതിരോധിക്കുന്നതിൽ പരാജയപ്പെട്ടു. ഇവരെല്ലാം പരാജയപ്പെട്ട തുണകളാണ്! വിജയിച്ച തുണകളും ഉണ്ട് എന്ന കാര്യം സന്തോഷത്തോടെ നമുക്കോർക്കാം.

വിവാഹിതരല്ലാത്തവർ തങ്ങൾക്ക് തക്ക തുണകളെ ലഭിക്കേണ്ടതിനുവേണ്ടി സാക്ഷാൽ തുണയായ ദൈവത്തോടു പ്രാർത്ഥിക്കട്ടെ. വിവാഹിതരായവർ തക്ക തുണകളായി നിലകൊള്ളാൻ സഹായിക്കണമേ എന്നു പ്രാർത്ഥിക്കട്ടെ. അങ്ങനെ കുടുംബജീവിതങ്ങൾ ആകർഷകമായിത്തീരട്ടെ. മറ്റുള്ളവർക്കു മാതൃകയായിത്തീരട്ടെ. 'തുണയെനിക്കേശുവേ...' എന്ന ഗാനം പാടുമ്പോൾ, ജീവിതപങ്കാളിയായ തുണയെക്കുറിച്ചുള്ള വേദനിക്കുന്ന ഓർമ്മകൾ വേട്ടയാടി, കണ്ഠമിടറുന്ന സ്ഥിതി ആർക്കും വരാതിരിക്കട്ടെ ● *(തുടരും)*



# കഷ്ടം സഹിച്ച രക്ഷകന്റെ സഹതാപം

സി. എച്ച്. സ്പർജൻ
പരിഭാഷ: പി. ഐ. കുര്യൻ

**ന**മ്മുടെ കർത്താവ് പരീക്ഷിക്കപ്പെട്ടതിന്റെ - കഷ്ടാനുഭവസ്ഥാനം വരെ പരീക്ഷിതനായതിന്റെ - യാഥാർത്ഥ്യത്തെക്കുറിച്ച് അല്പം ധ്യാനിക്കാം. 'താൻതന്നെ' എന്ന പദത്തിന് പരിശുദ്ധാത്മാവ് ഇവിടെ നൽകിയിരിക്കുന്ന പ്രത്യേകതയെ എടുത്തുകാണിക്കാതെ വിട്ടുകള വാൻ ഞാൻ വിചാരിക്കുന്നില്ല. താൻ പരീക്ഷിതനായി കഷ്ടമനുഭവിച്ചു എന്നാണു നിങ്ങൾ കാണുന്നത്. 'അവൻ താൻതന്നെ തന്റെ സ്വന്ത ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി' എന്നിങ്ങനെ വചനത്തെ ദൃഢതരമാക്കുന്നതിന് ഈ പദം ചിലപ്പോൾ പ്രയോഗിക്കാറുണ്ട്. പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വാസ്തവത്തിൽ, സത്യമായി, വ്യക്തിഗതമായി, സാക്ഷാൽ അവനെ സംബന്ധിക്കുന്ന താണ് എന്നു കാണിപ്പാൻ, യേശുക്രിസ്തു 'താൻതന്നെ' എന്നുള്ള വാക്ക് പിന്നെയും പിന്നെയും നാം വായിക്കുന്നു. അവൻ 'താൻതന്നെ' കഷ്ടമനുഭവിച്ചു. താൻതന്നെ പരീക്ഷിതനായി കഷ്ടമനുഭവിക്കുന്ന തിന്, അവനിൽ സംഭവിച്ചതെല്ലാം ഇടവരുത്തി. ഈ വസ്തുത സൂക്ഷ്മ മായി പരിശോധിക്കുക. നീ ആയിരിക്കുന്നതുപോലെയുള്ള പരിതഃ സ്ഥിതികളിൽത്തന്നെ നമ്മുടെ കർത്താവ് പരീക്ഷിക്കപ്പെട്ടു. അതു നിങ്ങളിൽ പലരെക്കാളും അധികവുമായിരുന്നു. ദാരിദ്ര്യമാകുന്ന കഷ്ടത അവൻ അനുഭവിച്ചു. ദാരിദ്ര്യം അതിന്റെ പാരമ്യത്തിൽ എത്തിയിട്ടുണ്ട്. 'കുറുനരികൾക്കു കുഴികളും ആകാശത്തിലെ പറവ കൾക്കു കൂടുകളും ഉണ്ട്. എന്നാൽ മനുഷ്യപുത്രനോ തല ചായ്പാൻ ഇടമില്ല.' വീടിനെയും വീട്ടുകാരെയും താമസംവിനാ വിട്ടുപോകേണ്ടി വരും എന്ന ചിന്ത നിങ്ങളെ ചിലപ്പോൾ പരീക്ഷിച്ചിട്ടുണ്ട്. ഒരു രാത്രി സങ്കേതം നിങ്ങൾക്കെവിടെ കണ്ടെത്താം. യേശുക്രിസ്തുവിനു നിങ്ങളോടു സഹതപിക്കാൻ കഴിയും. അവിശ്രാന്തമായ അദ്ധ്വാനം നിമിത്തവും അവൻ ക്ഷീണനായിത്തീർന്നിട്ടുണ്ട്. 'വഴിനടന്നു ക്ഷീണിച്ചിട്ട് അവൻ ഉറവിനരികെ ഇരുന്നു.' ക്ഷീണാവസ്ഥയ്ക്കും അതിനടുത്ത പരീക്ഷകൾ ഉണ്ട്. കാര്യങ്ങളെ ശരിയായി വിധിപ്പാൻ ക്ഷീണിച്ചിരിക്കുന്നവൻ അപ്രാപ്തനാണ്. നാം ക്ഷീണിച്ചിരിക്കുമ്പോൾ പ്രായേണ അക്ഷമന്മാരും ആവലാതിക്കാരും ബദ്ധപ്പാടുള്ളവരും ആകും. നീ ക്ഷീണനാകുന്നുവെങ്കിൽ, കൺപോളകൾ അടഞ്ഞുപോകാ തിരിപ്പാൻ വളരെ യത്നിക്കുന്നുവെങ്കിൽ, ആ തളർച്ചയ്ക്കു നീ വഴങ്ങി

ക്കൊടുക്കുന്നതിനുമുമ്പേ, നിന്റെ കർത്താവു താനും പരീക്ഷിക്കപ്പെട്ടു എന്നോർക്കുക. അവർ ഒരവസരത്തിൽ 'ഇരുന്നപാടെ അവനെ പടകിലേക്കു കൊണ്ടുപോയി.' അവനു സ്വയമേവ പടകിലേക്കു പോകുവാൻ നിവൃത്തിയില്ലായിരുന്നു എന്നാണതിന്റെ അർത്ഥമെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് അവന്റെ പൂർണ്ണതളർച്ചയിൽ അവനെ എടുത്തുകൊണ്ടുപോയി, പടകിന്റെ അമരത്ത് സാവധാനത്തിൽ കിടത്തി, തലയ്ക്കൽ ഒരു തലയണയും വച്ചുകൊടുത്തു. ഒരു ദീർഘനേരത്തെ കാത്തിരിപ്പിനും, അല്ലെങ്കിൽ കഠിനമായ അദ്ധ്വാനത്തിനും ശേഷം ഒരു പ്രസംഗത്തെക്കാൾ അധികം നല്ലത് ഒരുറക്കമാണ് എന്നു നിങ്ങൾക്കു തോന്നിയെങ്കിൽ, അങ്ങനെ നീ പ്രാർത്ഥനാലയത്തിൽവച്ച് ക്ഷീണിച്ചുപോകുന്നെങ്കിൽ, അതുനിമിത്തം നീ നിന്നെത്തന്നെ നിന്ദിക്കേണ്ടാ. ഞാൻ തീർച്ചയായും നിങ്ങളെ കുറ്റപ്പെടുത്തുകയില്ല. എന്തുകൊണ്ടെന്നാൽ അവന്റെ പ്രാണവേദനയുടെ സമയത്ത്, ആ തോട്ടത്തിൽവച്ചു ശിഷ്യന്മാർ ഉറങ്ങിയപ്പോൾ അവരെ അവൻ കുറ്റപ്പെടുത്തിയത് എത്ര അല്പമാണെന്നു ഞാൻ ഓർക്കുന്നു. അവൻ പറയുന്നു, 'ആത്മാവ് ഒരുക്കമുള്ളത് ജഡമോ ബലഹീനമത്രേ.' കരുണാർദ്രമായ ഈ സമാധാനം നൽകുന്ന സമയത്ത് അവനും ക്ഷീണിച്ചിരിക്കയാണ്. അങ്ങനെ ദാരിദ്ര്യത്തിന്റെയും ക്ഷീണതയുടെയും പരീക്ഷകൾ എന്താണെന്നു തന്റെ സ്വന്ത പരിതഃസ്ഥിതികളിൽനിന്നുതന്നെ കർത്താവിനറിയാമെന്നു നിങ്ങൾ കാണുന്നുവല്ലോ. വിശപ്പ് എന്താണെന്നു താൻതന്നെ അനുഭവിച്ചിട്ടുണ്ട്. 'എനിക്കു ദാഹിക്കുന്നു' എന്ന് അവൻതന്നെ പറഞ്ഞു. അവനു ചുറ്റുമുണ്ടായിരുന്നതെല്ലാംതന്നെ അവന്റെ പരിശോധനകളെ പൂരിപ്പിക്കുന്നതിനു പര്യാപ്തങ്ങളായിരുന്നു. നമ്മിലെല്ലാവരിലും ഉപരിയായി അവൻ 'ദുഃഖങ്ങളുള്ള മനുഷ്യനും വേദത്തെ ശീലിച്ചവനും ആയിരുന്നു.'

മനുഷ്യരിൽനിന്നുള്ള പരീക്ഷകളെയും താൻതന്നെ സഹിക്കേണ്ടിവന്നു. ക്ലേശാത്മകമായ സഹനം നല്ലവരിൽനിന്നും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്. അവന്റെ പ്രിയ മാതാവുപോലും അവനെ പരീക്ഷിച്ചു എന്നു തോന്നാം. 'അവന്റെ അമ്മയും സഹോദരന്മാരും വന്ന് പുറത്തുനിന്ന് അവനെ വിളിപ്പാൻ ആളയച്ചു.' അവനെ കൊണ്ടുപോകാൻ അവർ അപ്പോൾ ആഗ്രഹിച്ചിരിക്കാം. എന്തെന്നാൽ അവന്റെ ചാർച്ചക്കാർ 'അവനു ബുദ്ധിഭ്രമം ഉണ്ട്' എന്നു പറഞ്ഞതായി കാണുന്നു. അവന്റെ സ്വന്ത ചാർച്ചക്കാർ തന്നെയും വിചാരിച്ചു, അവന് ഉന്മാദമാണ്, അവനെ നിയന്ത്രണാധീനമാക്കി വയ്ക്കണമെന്ന്. 'അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല.'

അവന്റെ ശിഷ്യന്മാർ, അവൻ അവരെ അത്യന്തം സ്നേഹിച്ചുവെങ്കിലും അവർ ഓരോരുത്തരും അവനെ ക്ലേശിപ്പിച്ചു. അവരിൽ പ്രിയപ്പെട്ടവരായ യോഹന്നാൻ, യാക്കോബ് എന്നിവർ പോലും ആവശ്യപ്പെടുന്നത്, അവന്റെ സിംഹാസനത്തിന്റെ വലത്തും ഇടത്തുമുള്ള ഭാഗങ്ങൾ അവർക്കിരുവർക്കും കിട്ടണമെന്നാണ്. പത്രൊസ് 'വേറിട്ടു

കൊണ്ടുപോയി ശാസിക്കുന്നു.' താൻ ക്രൂശിക്കപ്പെടുവാനും മരിപ്പാനും ഇരിക്കുന്നു എന്നു വെളിപ്പെടുത്തിയപ്പോൾ എല്ലാ ശിഷ്യന്മാരുടെയും മനോഭാവം പത്രൊസിന്റേതുതന്നെയായിരിക്കണം. അവരുടെ കർത്താവും നേതാവുമായവനെ വല്ലാതെ ദുഃഖിപ്പിക്കത്തക്കവണ്ണം അത്രയ്ക്കു ഭൗമികവും സ്വാർത്ഥപരവും മൂഢതയേറിയതുമായിരുന്നു അവരുടെ മനഃസ്ഥിതികൾ. അവൻ എല്ലാവരുടെയും ദാസനായിരിക്കുമ്പോൾ, അവർ അന്വേഷിക്കുന്നത് അവരിൽ പ്രധാനിയാകേണ്ടത് ആരാണെന്നാണ്. അവൻ നഷ്ടപ്പെട്ടുപോയവരെ തിരക്കുമ്പോൾ, പ്രതികൂലികളുടെനേരെ തീയിറക്കുവാനാണ് അവർ പറയുന്നത്. അവർ തങ്ങളുടെ അധരങ്ങളാൽ അവിവേകം സംസാരിക്കയും അവരുടെ വാക്കുകളാൽ അവനെ വിഷമിപ്പിക്കയും ചെയ്തു. ആത്മാവിന്റെ അതിതീവ്രവ്യഥയിൽ, 'എന്നോടുകൂടെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു' എന്ന് അവൻ ആവലാതി പറയുന്നു. തന്റെ സ്വന്ത അനുകൂലികളുടെ വൃത്തത്തിൽനിന്നു റോസാപ്പുഷ്പങ്ങളെക്കാളധികം മുള്ളുകളെയാണവനു ലഭിച്ചത്. നിങ്ങൾക്കും സംഭവിച്ചിട്ടുള്ളതുപോലെ അവനു സ്നേഹിതന്മാരുടെ ഭവനത്തിൽവച്ചു ലഭിച്ചതു മുറിവുകളാണ്. നിങ്ങളോടു സഹതാപം പ്രദർശിപ്പിപ്പാനുള്ള അവന്റെ ശക്തി ഇവിടെ നിങ്ങൾ കാണുന്നു. നാം സഹിക്കുന്നതുപോലെ അവനും സഹിച്ചു. അതിൽ കൂടുതലായും അവൻ സഹിച്ചു. അവൻ പരീക്ഷിതനായി കഷ്ടം സഹിച്ചു. അവൻ സ്നേഹിച്ചവരുടെ അപരാധങ്ങളെയും അവൻ സഹിച്ചു.

അവന്റെ ശത്രുക്കളെ സംബന്ധിച്ചോ, അവരെക്കുറിച്ചു ഞാൻ പറയണമോ? അവരെല്ലാവരുംതന്നെ അവനെ പരീക്ഷിച്ചില്ലയോ? ഹെരോദ്യരും സദൂക്യരും - പരസ്യമായ നാസ്തികർ ഇവരെല്ലാംതന്നെ ഒരുപോലെ അവന്റെ ഭയങ്കര ശത്രുക്കളായിരുന്നു. ആർക്കെല്ലാം അവൻ ഗുണകാംക്ഷിയായിരുന്നുവോ 'അവർ അവനെ എറിവാൻ കല്ലുകൾ എടുത്തു.' ഏതൊരു ദേശത്തിനുവേണ്ടി അവൻ കരഞ്ഞുവോ ആ യെരൂശലേം, 'അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക' എന്നു വിളിച്ചുപറകയും അവൻ കൊല്ലപ്പെടുന്നതുവരെ അടങ്ങാതിരിക്കയും ചെയ്തു. ഹാ കർത്താവേ, ഞങ്ങളിൽ ആർക്കും നിനക്കുണ്ടായതുപോലുള്ള ശത്രുക്കൾ ഉണ്ടായിട്ടില്ല. ഞങ്ങളുടെ ശത്രുക്കൾ എത്രതന്നെ ക്രൂരന്മാരായാലും അവർ നിന്റെ ശത്രുക്കളെപ്പോലെ സംഖ്യാതീതമോ ഭീകരന്മാരോ അല്ല. മാത്രമല്ല, ഞങ്ങളെ പകയ്ക്കുവാൻ തക്കവണ്ണം അവർക്കെന്തെങ്കിലും കാരണം ഉണ്ടായിരിക്കും. എന്നാൽ നിന്റെ ശത്രുക്കളോ, അവർ കാരണം കൂടാതെ നിന്നെ പകച്ചു എന്നത് എത്രയോ വാസ്തവം. അവനെതിരായി ന്യായമായ കുറ്റങ്ങൾ കൊണ്ടുവരുവാൻ അവർക്കില്ലാഞ്ഞതിനാൽ അവർ ഭോഷ്ക്കിന്റെ നിഷ്ഠുരന്മാരെ കൂലിക്കു വിളിച്ചു. അവരുടെ നിന്ദകൾ അവന്റെ ഹൃദയത്തെ തകർത്തു. അങ്ങനെ അവൻ പരീക്ഷിക്കപ്പെട്ടത് എങ്ങനെയെന്നും അവൻ കഷ്ടമനുഭവിച്ചത് എങ്ങനെയെന്നും നിങ്ങൾ കാണുന്നുവല്ലോ ● *(തുടരും)*

# ഇൻഡോ-യൂറോപ്യൻ ബ്രദ്റൻ കോൺഫറൻസ് - ഹങ്കറി, 2017

എം. എ. ജോയ്

**ദൈ**വത്തിന്റെ അളവറ്റ കൃപയാൽ പ്രസ്തുത കോൺഫറൻസ് 2017 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 1 വരെ ഹങ്കറിയിലെ 'ഡമോഷ്' ബൈബിൾ സെന്ററിൽവച്ചു നടക്കുവാനിടയായി. 14 രാജ്യങ്ങളിൽ നിന്നായി 155 പേർ കോൺഫറൻസിൽ പങ്കെടുത്തു. 20 ഇന്ത്യക്കാർ പങ്കെടുത്തതിൽ 19 മലയാളികളും, ഒരു തെലുങ്ക് സഹോദരിയുമായിരുന്നു. ഇവർ ഇന്ത്യ, ഇംഗ്ലണ്ട്, സൗത്ത് ആഫ്രിക്ക, ദുബായ് (UAE), ബഹറിൻ, USA എന്നീ രാജ്യങ്ങളിൽനിന്നുള്ളവരായിരുന്നു. ബാക്കി 135 പേർ ഹങ്കറി, സ്ലോവാക്യ, പോളണ്ട്, റുമാനിയ, ജർമ്മനി, ചെക്ക് റിപ്പബ്ലിക്, സ്ലോവേനിയ, ബോസ്നിയ എന്നീ രാജ്യങ്ങളിൽനിന്നുള്ള വെള്ളക്കാരായ വിശ്വാസികളായിരുന്നു. വെള്ളക്കാർക്കു താമസം, ഭക്ഷണം മുതലായതെല്ലാം സൗജന്യമായും, ഇന്ത്യക്കാർക്കു മിതമായ നിരക്കിലും ആയിരുന്നു നൽകിയത്. ഞാനും ഹങ്കറിയിൽനിന്നുള്ളവരും 'Bible Centrum' ൽത്തന്നെ താമസിച്ചു. ബാക്കി എല്ലാ ഇന്ത്യക്കാരും വെള്ളക്കാരും 4 Star ഹോട്ടലിലാണു താമസിച്ചത്. കോൺഫറൻസിന് മൊത്തം 25 ലക്ഷത്തിൽപ്പരം രൂപയ്ക്കു തുല്യമായ യൂറോ ചെലവായി. അതു മിക്കവാറും ഇന്ത്യ, ഗൾഫ്, UK എന്നിവിടങ്ങളിലെ മലയാളികളായ സഹോദരങ്ങളും ചുരുക്കം ചില തമിഴ് സഹോദരങ്ങളുമായിരുന്നു വഹിച്ചത്. ഇന്ത്യക്കാരല്ലാത്ത ആരുടെയും ദാനം ഈ കോൺഫറൻസിനു സ്വീകരിച്ചിട്ടില്ല. അങ്ങനെ മുൻപ് പ്രഖ്യാപിച്ചിരുന്നതുപോലെ ഈ കോൺഫറൻസ് ഇന്ത്യൻ ബ്രദ്റൻകാരുടെ വക യൂറോപ്യൻ ബ്രദ്റൻകാർക്കുള്ള ഒരു സമ്മാനമായി. സാമ്പത്തികമായി സഹായിച്ച എല്ലാവർക്കും, പ്രത്യേകാൽ മലയാളികളായ പ്രസംഗകർക്കും എന്റെ അകമഴിഞ്ഞ നന്ദി. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിച്ചു പ്രതിഫലം നൽകും. യൂറോപ്യന്മാരും മലയാളികളുമായ ബ്രദ്റൻ വിശ്വാസികൾക്കു തമ്മിൽത്തമ്മിൽ അടുത്തറിയാനും, സജീവ സ്നേഹബന്ധം ആരംഭിക്കാനുമുള്ള ഒരു അനുഗൃഹീത വേദിയായി ഈ കോൺഫറൻസ്. 'DOMOS BIBLE CENTRUM' എന്ന ഹങ്കറി ബ്രദ്റൻ സഭകളുടെ Conference centre ലാണ് IEBC നടന്നത്. ഈ centre ന്റെ പരിസരത്തു വലിയ ഒരു ടെന്റ് (കൂടാരം) അടിച്ച് അതിലായിരുന്നു കോൺഫറൻസ് കൂടിവരവുകൾ നടത്തിയത്. പുതിയനിയമത്തിൽ ബ്രദ്റൻകാർ വിലപിടിപ്പുള്ളതായി കാണുന്ന പല ഉപദേശങ്ങളും പ്രയോഗങ്ങളും മദ്ധ്യകിഴക്കുള്ള യൂറോപ്യൻ രാജ്യങ്ങളിൽ അയഞ്ഞുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ കോൺഫറൻസ് നടക്കുവാനിട



# തമ്പിയും പപ്പയും

**CJV**

തമ്പി: അവിരാസഹോദരനിൽ എന്തോ ഒരു മാറ്റം വന്നിട്ടുണ്ട്!

പപ്പ: മാറ്റം നല്ലതല്ലേ? നല്ല കാര്യത്തിനായി മാറ്റം വരുന്നെങ്കിൽ അതു നല്ലതല്ലേ തമ്പീ?

തമ്പി: മാറ്റത്തിന്റെ അനുകൂലസാഹചര്യം എന്തെന്നു മനസ്സിലാകുന്നില്ല. അതു പരീക്ഷണത്തിൽക്കൂടിയേ മനസ്സിലാകൂ.

പപ്പ: അപ്പോൾ അവിരയെ പരീക്ഷണശാലയിൽ കയറ്റണമെന്നുണ്ടോ?

തമ്പി: അതു വേണ്ട, നീക്കങ്ങൾ പരീക്ഷിച്ചാൽ മതി. അപ്പോൾ അറിയാം എന്തിനാ ഈ മാറ്റമെന്ന്.

പപ്പ: തമ്പിക്കു വേറെ പണിയൊന്നും ഇല്ലേ? മാറുകയോ മാറാതിരിക്കുകയോ എന്തുമാകട്ടെ.

തമ്പി: പപ്പാ, അവിരാസഹോദരനു രണ്ടു മുഖമാണ്. സന്ദർഭോചിതമായി അത് ഉപയോഗിക്കും. അതുകൊണ്ടാണ് മാറ്റത്തിന്റെ നാടകം ഒന്നു കാണണമെന്നു പറയുന്നത്.

പപ്പ: അല്ലാ, എന്താ ഇപ്പോൾ കാണുന്ന മാറ്റം? ഞാൻ അത്ര ശ്രദ്ധിക്കാറില്ല. തമ്പിക്ക് എന്തു തോന്നി?

തമ്പി: അന്ധവിശ്വാസികളുടെ പറച്ചിൽ പരസ്യമായും ചെയ്തികൾ അതീവരഹസ്യവുമായിരിക്കും. അതാണ് അവരുടെ സ്വഭാവം.

പപ്പ: ഹോ അതു ശരി. പറച്ചിൽ ഞാൻ ശ്രദ്ധിക്കാറുണ്ട്. തികഞ്ഞ ദൈവവിശ്വാസിയായിട്ടേ അഭിനയിക്കാറുള്ളൂ. മറുഭാഗം എനിക്കറിയില്ല.

തമ്പി: അതു വലിയ അപകടമാണ്. അവരുടെ ചെയ്തികൾ വൃതന്മാരെ കൂടി തെറ്റിക്കും. വിഷം ചേർത്ത ദോശപോലെയിരിക്കും. അതല്ലേ അനേകർ അന്ധവിശ്വാസത്തിന് അടിപ്പെടുന്നേ? ഇപ്പോൾ പറച്ചിലില്ല, പ്രവൃത്തിയേ ഉള്ളൂ. അതാ മാറ്റം.

പപ്പ: 'താൻ കുഴിക്കും കുഴിയിൽ താൻതന്നെ വീഴും' എന്നൊരു ചൊല്ലുണ്ട്. അന്ധവിശ്വാസികൾ തീരാക്കയത്തിൽ വീഴാറുണ്ട്. ആ കുഴി അവർതന്നെയാണു കുഴിക്കാറ്. പറച്ചിൽ മാറ്റിയാലും, ചെയ്തികൾ കൂട്ടിയാലും ദോഷം അവർക്കുതന്നെ. മാറ്റം നല്ലതിനെങ്കിൽ അവിര നന്നാകും, ഇല്ലായെങ്കിൽ കാര്യം പോക്കാ ●

---

യായത്. സഹോദരപ്രത്യേകതകൾ, സഹോദരസ്നേഹം, സഹോദര ഐക്യം, കർത്തൃമേശ, സഹോദരപ്രസ്ഥാനചരിത്രം, സുവിശേഷവൽക്കരണം എന്നീ വിഷയങ്ങൾ അതിമനോഹരമായി അവതരിപ്പിക്കപ്പെട്ടു.

'ഡാന്യൂബ്' അന്തർദ്ദേശീയ നദീതീരത്തായിരുന്നു നമ്മുടെ കോൺഫറൻസ് സെന്റർ. അതിനാൽ ആ മനോഹര നദീതീരത്ത് പോയിരിക്കാനും അതിൽ കുളിക്കാനും നീന്താനുമൊക്കെ അനേകർക്ക് അവസരമുണ്ടായി. ലോകത്തിലെ അതിസുന്ദരനഗരങ്ങളിൽ ഒന്നായ തലസ്ഥാനനഗരമായ 55 കി. മീ. ദൂരമുള്ള ബുഡാപെസ്റ്റിലേക്ക് ഒരു സന്ദർശനയാത്ര പോകാൻ ഇടയായി. കോൺഫറൻസിന്റെ ഒടുവിൽ എല്ലാവരും കൂടാരത്തിനു പുറത്തുള്ള പുൽത്തകിടിയിൽ അന്യോന്യം കൈകൾ കോർത്തുപിടിച്ചു വൃത്താകൃതിയിൽനിന്ന് 'Bind us together Lord, Bind us together with cords that cannot be broken, Bind us together Lord, Bind us together with love' എന്നു തുടങ്ങുന്ന പാട്ടുപാടി വികാരഭരിതരായിട്ടാണു വിടപറഞ്ഞത്. ദൈവത്തിനു മഹത്വം ●



# ആത്മിക ഫ്രൂട്ടി മിക്സ്

**ഫാനി സ്റ്റാൻലി**

**കാ**ഴ്ചയിൽ കൊതിയൂറുന്ന ഒരു ഓറഞ്ച് കടിച്ചുനോക്കിയപ്പോൾ കടുത്ത കയ്പ്! എന്തായിരിക്കും നമ്മുടെ പ്രതികരണം?

നമ്മുടെ ബൃഹത്തായ ആത്മിക പ്രവർത്തനങ്ങൾ കണ്ടുകൊണ്ടു നമ്മെ സമീപിക്കുന്ന വ്യക്തികൾക്ക് നമ്മോട് അടുത്തു പെരുമാറുമ്പോൾ ഉണ്ടാകുന്ന അനുഭവങ്ങൾ ഇങ്ങനെയാണോ? ഒരു പഴം 'പാക' മായോ എന്നറിയുവാൻ നാം അതു ഞെക്കിനോക്കുന്നു. നമ്മുടെ ജീവിതത്തിലെ ആത്മികഫലം പാകമായോ എന്നറിയുന്നത് അതു ഞെക്കിനോക്കപ്പെടുമ്പോഴാണ് അഥവാ പ്രശ്നങ്ങൾ വരുമ്പോഴാണ്. നമ്മുടെ ഫലം ഞെക്കിപ്പിഴിയുമ്പോൾ ഏതു തരം ചാറാണ് അതിൽ നിന്നു വരുന്നത്? അഹങ്കാരത്തിന്റെ ദുഷിച്ച രസമാണോ, അതോ സ്നേഹത്തിന്റെ മധുരമുള്ള ചാറാണോ?

പരിശുദ്ധാത്മാവ് വസിക്കുന്ന ഒരു വ്യക്തിയിൽ ഉളവാകുന്ന രുചികരമായ ആത്മികഫലത്തിന്റെ ചേരുവകൾ എന്തെല്ലാം ആണെന്നു നമുക്കൊന്നു വിശകലനം ചെയ്യാം. 'ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല' (ഗലാ. 5:22,23).

### സ്നേഹം (agape love)

അഗപ്പെ സ്നേഹമെന്നാൽ ദൈവത്തിന്റെ സ്നേഹമാണ്. കാൽവരിയിലെ കുരിശിൻമേൽ ദൈവം പ്രകടിപ്പിച്ച സ്നേഹം.

- ദൈവവിരോധികളോടുള്ള സ്നേഹം.
- സ്നേഹിക്കപ്പെടുവാൻ യോഗ്യതയില്ലെന്നു കണക്കാക്കപ്പെടുന്നവരോടുള്ള സ്നേഹം.
- ഇഷ്ടമില്ലെങ്കിലും ഒരു വ്യക്തിയെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്ന സ്നേഹം.
- തിരിച്ചൊന്നും പ്രതീക്ഷിക്കാതെ കൊടുക്കുന്നതായ സ്നേഹം.

### സന്തോഷം (joy)

ദൈവത്തിന്റെ മക്കൾ ആയിരിക്കുന്നതിൽ ഉള്ള ആഴമായ നിശ്ചയത്തിൽനിന്ന് ഉളവാകുന്ന സന്തോഷം. ഈ സന്തോഷം ഒരു വ്യക്തിയെ വളരെ ഉൻമേഷമുള്ള പെരുമാറ്റം ഉള്ളവനായും നന്ദിയുള്ള ഹൃദയമുള്ളവനായും ആക്കിത്തീർക്കുന്നു.

**സമാധാനം (peace)**

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ ദൈവത്തോടും മറ്റുള്ളവരോടും തന്നോടുതന്നെയും സമാധാനമുള്ളവനാണ് എന്നാണ് ഇതിന്റെ അർത്ഥം. വിപരീതമായ സാഹചര്യങ്ങളെ നേരിടാതെ അവയെ ഒഴിവാക്കി, ഇന്ദ്രിയങ്ങളിൽക്കൂടി ആനന്ദം കണ്ടെത്തുന്നതാണു ലോകത്തിന്റെ സമാധാനം. എന്നാൽ സാഹചര്യങ്ങൾക്കോ കയ്പുള്ള അനുഭവങ്ങൾക്കോ എടുത്തുകളയുവാൻ കഴിയാത്തതാണു സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം.

**ദീർഘക്ഷമ (patience)**

ദീർഘക്ഷമ എന്നാൽ സഹിഷ്ണുതയുള്ള മാനസികാവസ്ഥയാണ്. വ്യത്യസ്തമായ സാഹചര്യങ്ങൾക്കനുസൃതമായി സഹിഷ്ണുത പ്രകടമാകുന്നു. എപ്രകാരമെല്ലാമാണു സഹിഷ്ണുത പ്രകടമാകുന്നത്?

- മറ്റുള്ളവരെ അവരുടെ കുറവുകളോടുകൂടി അംഗീകരിക്കാൻ കഴിയുന്നതാണു സഹിഷ്ണുത.
- ഓരോ വ്യക്തിയുടെയും താത്പര്യങ്ങൾ, രീതികൾ, അഭിരുചികൾ, അഭിപ്രായങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ വ്യത്യസ്തമാണ്. ആയതിനാൽ മറ്റു വ്യക്തികളുടെ വ്യത്യസ്തതകൾക്കു പിറുപിറുപ്പു കൂടാതെ അനുവാദം കൊടുക്കുവാൻ കഴിയുന്നതാണു സഹിഷ്ണുത.
- ദൈവിക പ്രമാണങ്ങളെ ലംഘിക്കാതെ ദൈവത്തിന്റെ സമയത്തു കാര്യങ്ങൾ നടപ്പിലാകുവാൻ കാത്തിരിക്കുന്നതാണു സഹിഷ്ണുത.
- മറ്റുള്ളവരോടു സംസാരിക്കുമ്പോൾ ക്ഷമയോടെ ശ്രദ്ധിക്കുവാൻ കഴിയുന്നതു സഹിഷ്ണുതയാണ്.
- സഹിഷ്ണുതയുള്ളവർ മൃദുവായി ഉത്തരം പറഞ്ഞുകൊണ്ടു കോപിഷ്ഠരായവരെ ശമിപ്പിക്കുന്നു.

**ദയ (kindness)**

മറ്റുള്ളവരുടെ വികാരങ്ങളെയും സാഹചര്യങ്ങളെയും മനസ്സിലാക്കി, അവരുടെ സാഹചര്യങ്ങളിൽ തക്കതായ സഹായങ്ങൾ ചെയ്യുന്നതാണു ദയ. ‘സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ’ (റോമർ 12:10).

**പരോപകാരം (goodness)**

മറ്റുള്ളവരോടുള്ള ദയ നമ്മെ പരോപകാരത്തിലേക്കു നയിക്കുന്നു. ‘ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക’ (ഗലാ. 6:10).

**വിശ്വസ്തത (faithfulness)**

‘ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ, അവർ വിശ്വസ്തരായിരിക്കണം എന്നത്രേ’ (1 കൊരി. 4:2).

- സത്യസന്ധത, കൂറ്, കാര്യവിചാരകത്വം, ശുഷ്കാന്തി എന്നീ ഗുണങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

- മറ്റുള്ളവർ എന്തു വിചാരിക്കും എന്നുള്ള ചിന്തയ്ക്കു പകരമായി, ദൈവം എന്തു വിചാരിക്കും എന്ന ചിന്തയോടെ കാര്യങ്ങളിൽ ഏർപ്പെടുന്നതാണു സത്യസന്ധത. 'ആകയാൽ ഞാൻ ഈ മഹാപാപം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതെങ്ങനെ?' (ഉല്പത്തി 39:9) എന്ന മനോഭാവം.
- മറ്റുള്ളവരെക്കുറിച്ചു നമുക്കറിയാവുന്ന സത്യങ്ങൾ അവരെ തേജോവധം ചെയ്യാനായി വെളിപ്പെടുത്തുന്നതു സത്യസന്ധതയല്ല.
- നിങ്ങൾ ഒരു മെച്ചപ്പെട്ട വ്യക്തിയാകുവാൻ നിങ്ങളോടു വിശ്വസ്തതയുള്ളവർ വിമർശിച്ചെന്നു വരാം.
- ദൈവം ഒരുവനു തന്നിട്ടുള്ള പ്രധാനപ്പെട്ട കർത്തവ്യങ്ങളെ തിരിച്ചറിഞ്ഞ്, അത് ഏറ്റവും നന്നായി നിർവ്വഹിക്കാൻ കഴിയുന്നതു വിശ്വസ്തതയാണ്.
- താൻ ഏറ്റെടുത്ത ഉത്തരവാദിത്വം എന്തെല്ലാം തടസ്സങ്ങൾ വന്നാലും ശുഷ്കാന്തിയുള്ള വ്യക്തി അതിനെ അതിജീവിച്ചുകൊണ്ടു നിർവ്വഹിക്കുന്നു.
- താൻ ഏറ്റെടുത്ത ദൗത്യനിർവ്വഹണത്തിനു തടസ്സമായി വരുന്ന പ്രശ്നങ്ങൾക്കു ക്രിയാത്മകമായ പരിഹാരം കണ്ടെത്തുന്നു.

**സൗമ്യത (meekness)**

'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ' (മത്തായി 11:29). സൗമ്യത എന്നാൽ വിനയമുള്ള മാനസികാവസ്ഥയാണ്. വിനയം എപ്രകാരമെല്ലാം പ്രകടമാകുന്നു?

- വിനയമുള്ള വ്യക്തി, ക്രിസ്തുവിൽ തനിക്കുള്ള വിലയെയും മറ്റുള്ളവരുടെ വിലയെയും തിരിച്ചറിയുന്നു.
- ദൈവത്തോടും മറ്റുള്ളവരോടും നന്ദി പ്രകടിപ്പിക്കുന്നു.
- തന്റെ അറിവ് പരിമിതമാണെന്നും തനിക്കിനിയും അറിയേണ്ടതുണ്ടെന്നും തിരിച്ചറിയുന്നു.
- സ്ഥാനമാനത്തിന്റേതല്ല, സേവനത്തിന്റേതായ സാദ്ധ്യതകളെ ആരായുന്നു.
- തന്റെ പദവിയും സ്രോതസ്സുകളും മറ്റുള്ളവരുടെയും പ്രയോജനത്തിനായി ഉപയോഗിക്കുന്നു.
- തനിക്കെന്തെങ്കിലും പരാജയമോ വീഴ്ചയോ നേരിട്ടാൽ മറ്റുള്ളവരെ പഴിചാരാതെ സ്വയം തിരുത്തുവാൻ ശ്രമിക്കുന്നു.
- താൻ ദീർഘനാളുകളായി ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്ത കാര്യം തനിക്കു ലഭിക്കാതെ വേറെ വ്യക്തികൾക്കു ലഭിക്കുമ്പോൾ അവരെ അഭിനന്ദിക്കയും അവരിൽനിന്നു പഠിക്കാൻ ശ്രമിക്കയും ചെയ്യുന്നു.

**ഇന്ദ്രിയജയം (self-control)**

ഇന്ദ്രിയങ്ങൾ വഴി ഉളവാകുന്ന മോഹങ്ങൾ, ആകർഷണങ്ങൾ, ഇച്ഛകൾ, ആർത്തി എന്നിവയെ ദൈവഹിതത്തിന് അനുസൃതമായി

നിയന്ത്രണവിധേയമാക്കുന്നതാണ് ഇന്ദ്രിയജയം. ഇന്ദ്രിയജയം എപ്രകാരമെല്ലാം പ്രകടമാകുന്നു?

- ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ വിചാരത്തെയും, ഒരു ദൈവപൈതൽ ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുന്നു (2 കൊരി. 10:5).
- നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം പിന്തുടരുവാൻ വാഞ്ഛിക്കുന്നു.
- സ്വയനിയന്ത്രണം ഒരു ദൈവപൈതലിനെ ചിട്ടയുള്ള ജീവിതശൈലിയിലേക്കു നയിക്കുന്നു. ഉത്തരവാദിത്വബോധം, മുൻഗണനകളെക്കുറിച്ചുള്ള തിരിച്ചറിവ്, കൃത്യനിഷ്ഠ, ക്രമം, ശുചിത്വം എന്നീ ഗുണങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
- യോഗ്യമായ ലക്ഷ്യങ്ങളിൽനിന്നു തന്നെ വ്യതിചലിപ്പിക്കുന്ന കാര്യങ്ങളെ തിരിച്ചറിഞ്ഞ് തന്റെ ലക്ഷ്യം പ്രാപിക്കുന്നതിനായി ജാഗരൂകനായി പ്രവർത്തിക്കുന്നു.

നാം എപ്രകാരമാണു ഫലം കായിക്കുന്നത്? ഏറ്റവും മേൻമയുള്ള ആത്മഫലം പുറപ്പെടുവിക്കുന്ന വ്യാപാരത്തിൽ ദൈവം ഏർപ്പെട്ടിരിക്കുന്നു. അതു സമൃദ്ധമാണ്, വാട്ടമില്ലാത്തതാണ്. 'നല്ല മുന്തിരിവള്ളി' യാകുന്ന കർത്താവിൽ വസിച്ചുകൊണ്ടു നിരന്തരം ഫലം കായിക്കുന്നവരാകുവാൻ സമർപ്പിക്കാം. ദൈവനാമം മഹിമപ്പെടുമാറാകട്ടെ ●

അവലംബം: The DNA of Relationships

## ബൈബിൾ ക്വിസ് 47 ന്റെ ഉത്തരം

1. മാനം (11:16)
2. നീതിമാന്റെ (14:11)
3. വടി (13:24)
4. ഉത്സാഹികളുടെ (13:4)
5. സുഭാഷിതം (17:7)
6. പണിക്കാരന്റെ (16:26)
7. ധനവാൻ (18:23)
8. തീരാത്ത ചോർച്ചപോലെ (19:13)
9. കണ്ണിന്റെ (15:30)
10. തിരുവചനം (16:20)
11. വിവേകി (15:5)
12. പ്രജാബാഹുല്യം (14:28)
13. സമ്മാനം (17:8)
14. ഒത്ത പടി (11:1)
15. ജീവവൃക്ഷം (11:30)
16. ഉത്സാഹം (12:27)
17. ദുഷ്ടന്മാരുടെ (13:25)
18. മരണവഴികൾ (14:12)
19. മൂഢന്മാരുടെ (15:14)
20. എത്ര മനോഹരം (15:23)

**സമ്മാനാർഹം**

**ബിന്ദു സാൽബി**

ലാലൂർ

## ശരിയുത്തരം അയച്ചവർ

1. ബിബി ജോൺലി, റാന്നി 2. മേരി ബാബു, കുന്നംകുളം 3. ജയ്സൺ തോമസ്, കൊട്ടാരക്കര 4. സോണിയ ബെൻസൺ, കുവൈറ്റ് 5. അലീന ആൽബർട്ട്, കുന്നമ്പുഴ 6. മീരാ സണ്ണി, ലാലൂർ 7. എൽസി ജോൺസൺ, നടത്തറ 8. മേഴ്സി പോൾ, പെരുമ്പാവൂർ 9. സി.എ. അന്നക്കുട്ടി, യുഎസ്എ 10. ഷിനി ഹാഷ്ലി, നെല്ലിക്കുന്ന് 11. ഷിജി പ്രിജോയ്, പേരാമംഗലം 12. പ്രിൻസി ഗോഡ്സൺ, അയ്യന്തോൾ 13. ലിസ്സി വി. ജോർജ്, കുമ്പനാട് 14. ശോശാമ്മ മാണി, കോട്ടയം 15. ഫെമി റ്റിബി, പെരുമ്പാവൂർ 16. ബിന്ദു സാൽബി, ലാലൂർ 17. ജയ്ക്കബ് സഖറിയ, തിരുവല്ല 18. ഡി. സാമുവൽ, കണ്ണൂർ 19. ജെസ്സി ശീമോൻ, കാട്ടകാമ്പാൽ 20. തങ്കച്ചി വർഗീസ്, കല്പാത്തി 21. ജെയ്ബി മോഹൻ, കാട്ടകാമ്പാൽ 22. ജെയ്നി റോയ്, പെങ്ങാമുക്ക് 23. കാതറിൻ ജോസഫ്, പഴയന്നൂർ 24. കുഞ്ഞമ്മ ഡേവിഡ്, കുരിയച്ചിറ 25. മെറിൻ പി. മോസസ്, പാലക്കാട് 26. ബ്ലെസി ജോൺസൺ, പത്തനംതിട്ട 27. ഏലിയാമ്മ ജോയ്, അങ്കമാലി 28. ലിസി ഹാരിസൺ, കാടുകുറ്റി 29. മറിയാമ്മ തോമസ്, കുന്നന്താനം 30. ബിൽസി അബ്രഹാം, ഹരിപ്പാട് 31. മോളി മാത്യു, നെല്ലിക്കുന്ന് 32. ബെറ്റി വിനോദ്, കോട്ടയം 33. ജെയ്നി മാത്യൂസ്, പാലക്കാട് 34. റെയ്ച്ചൽ മനേഷ്, വടക്കാഞ്ചേരി, 35. ബിജു വർഗീസ്, കണ്ണൂർ 36. റിജോയ് ഡേവിഡ്, പാലക്കാട്

# ബൈബിൾ ക്വിസ് 48

## OCTOBER 2017

തയ്യാറാക്കിയത്: **ഷീന ജയ്സൺ**

ജീവധ്വനി ബൈബിൾ ക്വിസ് പരമ്പരയിലെ ഒക്ടോബർ മാസത്തെ ബൈബിൾ ക്വിസ് 48 ൽ സദൃശവാക്യങ്ങൾ 21 മുതൽ 31 വരെ അദ്ധ്യായങ്ങളിൽനിന്നുള്ള ചോദ്യങ്ങളാണു ചേർത്തിരിക്കുന്നത്. ഇതിൽ എല്ലാവർക്കും പങ്കെടുക്കാം. ശരിയുത്തരം അയയ്ക്കുന്നവർക്കു പ്രോത്സാഹന സമ്മാനം നൽകുന്നതായിരിക്കും. ഒന്നിൽക്കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിൽക്കൂടി തിരഞ്ഞെടുക്കുന്നതായിരിക്കും. ഉത്തരം അയയ്ക്കേണ്ട വിലാസം: **ജീവധ്വനി ബൈബിൾ ക്വിസ്, എബനെസർ പ്രിന്റേഴ്സ്, പി. ഒ. പുല്ലഴി, തൃശൂർ – 680 012.** കവറിനു മുകളിൽ 'ബൈബിൾ ക്വിസ് 48' എന്ന് എഴുതുവാൻ മറക്കരുത്. താങ്കളുടെ വിലാസം വ്യക്തമായി പിൻകോഡ് സഹിതം എഴുതുകയും വേണം. ഉത്തരം ലഭിക്കേണ്ട അവസാന തിയ്യതി **05–11–2017.**

---

**ശ്രദ്ധിക്കുക:** വെള്ളക്കടലാസ്, ഇൻലൻഡ്, പോസ്റ്റ് കാർഡ് എന്നിവയിൽ ഉത്തരം എഴുതി തപാലിലോ നേരിട്ടോ whatsapp നമ്പറായ 9446006746 വഴിയോ നല്കാവുന്നതാണ്.

---

1. യഹോവയ്ക്ക് ഹനനയാഗത്തെക്കാൾ ഇഷ്ടം എന്താണ്?
2. രഹസ്യത്തിൽ ചെയ്യുന്ന ദാനം എന്തിനെ ശമിപ്പിക്കുന്നു?
3. വഴക്ക് ആരുമായിട്ടാണു പറഞ്ഞുതീർക്കേണ്ടത്?
4. ഭോഷന്റെ നിരൂപണം എന്ത്?
5. കോപഭാവത്തെ ജനിപ്പിക്കുന്നത് എന്ത്?
6. അണ്ണാക്കിനു മധുരമുള്ളത്?
7. പാറയിൽ പാർപ്പിടം ഉണ്ടാക്കുന്ന ജീവി?
8. മഴ കൊണ്ടുവരുന്നത്?
9. മൃഗങ്ങളിൽവച്ചു ശക്തിയേറിയത്?
10. വേനല്ക്കാലത്ത് ആഹാരം സമ്പാദിച്ചുവയ്ക്കുന്ന ജീവി?
11. രാജാക്കന്മാരുടെ അരമനകളിൽ പാർക്കുന്ന ജീവി?
12. കള്ളനാവുകൊണ്ടു ധനം സമ്പാദിക്കുന്നത് എന്താകുന്നു?
13. യഹോവാഭക്തിയുള്ള സ്ത്രീയോ ———— (പൂരിപ്പിക്കുക).
14. എന്തു കൃഷിചെയ്യുന്നവനാണ് ആഹാരം സമൃദ്ധിയായി കിട്ടുന്നത്?
15. ആരുടെ അപ്പമാണു തിന്നരുതാത്തത്?
16. ബാലന്റെ ഹൃദയത്തിലെ ഭോഷത്വത്തെ അകറ്റിക്കളയുന്നത്?
17. നേരുള്ള ഉത്തരം പറയുന്നവൻ അധരങ്ങളെ എന്തു ചെയ്യുന്നു?
18. ആർക്കു വിശക്കുന്നു എങ്കിലാണു തിന്മാൻ കൊടുക്കേണ്ടത്?
19. മുഖസ്തുതി പറയുന്ന വായ് എന്തു വരുത്തുന്നു?
20. ഏഷണിക്കാരന്റെ വാക്ക് എന്തുപോലെ?

# ആനുകാലിക വാർത്തകൾ



## നബീൽ കുറേഷി നിത്യതയിൽ

ഹൂസ്റ്റൻ: ക്രിസ്തീയ ഗോളത്തിലെ ശക്തനായ യുവപ്രഭാഷകൻ നബീൽ കുറേഷി നിത്യതയിൽ പ്രവേശിച്ചു. കാൻസർരോഗബാധിതനായി ചികിത്സയിലായിരുന്ന അദ്ദേഹം 2017 സെപ്റ്റംബർ 16 നാണ് നിര്യാതനായത്. ആശുപത്രിയിൽ ആയിരിക്കുമ്പോഴും യുട്യൂബിൽക്കൂടെ തന്റെ അവസാനനിമിഷംവരെ യേശുവിനെ പ്രസംഗിച്ചു. ഇസ്ലാം മതത്തിൽനിന്നും പുറത്തുവന്നു യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച ദൈവദാസൻ 34 വയസ്സുവരെ മാത്രമേ ഭൂമിയിൽ ജീവിച്ചുള്ളൂ എങ്കിലും മഹത്തായ സുവിശേഷപ്രവർത്തനമാണു നിർവ്വഹിച്ചത്. നൂറിലധികം യൂണിവേഴ്സിറ്റികളിൽ അദ്ദേഹം പ്രസംഗിച്ചു. മുസ്ലിംകളുടെ ക്രിസ്തുവിരുദ്ധപ്രസംഗങ്ങൾക്കെതിരേ ശക്തമായി അദ്ദേഹം പ്രതികരിച്ചു. ‘Seeking Allah, finding Jesus’ എന്ന തന്റെ ആത്മകഥാപുസ്തകം ലക്ഷക്കണക്കിനു വിറ്റഴിക്കപ്പെട്ടു. ക്രിസ്തു നൽകുന്ന രക്ഷ കരസ്ഥമാക്കുവാൻ അനേകർക്ക് ഇതുമൂലം ഇടവന്നു.

## സാഹിത്യത്തിനുള്ള നോബേൽ സമ്മാനം

സ്വീഡൻ: ഇത്തവണത്തെ സാഹിത്യത്തിനുള്ള നോബേൽ സമ്മാനം ജാപ്പനീസ് വംശജനായ ബ്രിട്ടിഷ് നോവലിസ്റ്റ് കസുവാ ഇഷിഗുറോ കരസ്ഥമാക്കി. 6.93 കോടി രൂപയാണു പുരസ്കാരത്തുക. ‘ദ റിമെയിൻസ് ഓഫ് ദ ഡെ’യാണ് തന്റെ ഏറ്റവും പ്രശസ്ത കൃതി. തന്റെ നോവലുകൾ നാല്പതിലേറെ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

## സാമ്പാറും കാൻസറും

മണിപ്പാൽ: നാരുകളടങ്ങിയ പച്ചക്കറികളുടെയും മല്ലി, ഉലുവ, ജീരകം, കായം എന്നിവയുടെയും ചേരുവകൾ ഉൾക്കൊള്ളുന്ന സാമ്പാറിന് കാൻസറിനെതിരേ പ്രവർത്തിക്കാൻ കഴിയുമെന്നു കണ്ടെത്തിയിരിക്കുന്നു. വൻകുടലിലെ കാൻസറിനു കാരണമായ ഒരു രാസപദാർത്ഥത്തെ നിർവീര്യമാക്കുവാൻ സാമ്പാറിനു കഴിയും.

## ഇസാഫിൽ മണിട്രാൻസ്ഫർ സേവനങ്ങൾ

തൃശൂർ: ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ ശാഖകളിൽ വെസ്റ്റേൺ യൂണിയൻ മണിട്രാൻസ്ഫർ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വിസ്മാൻ ഫോറക്സുമായി കരാർ ഒപ്പുവച്ചു. വിദേശരാജ്യങ്ങളുമായി പണമിടപാട് നടത്തുന്നതിന് ഈ സൗകര്യം സഹായകരമാണ് ●

# സഭാവാർത്തകൾ

## ക്രിസ്തുസഭാ ചിൽഡ്രൻസ് മൂവ്മെന്റ് (CCCM)

തൃശൂർ ക്രിസ്തുസഭാ സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ സംഘടനയായ ക്രിസ്തുസഭാ ചിൽഡ്രൻസ് മൂവ്മെന്റിന്റെ ഒരു മീറ്റിങ് 20-8-2017 നു ഞായറാഴ്ച രാവിലെ ചേരുകയും സാംസൺ ജോബ്, നിതിൻ ജയ്സൺ, അഖിൽ ഗോഡ്സൺ, ഹോർമിസ് തോമസ് എന്നിവരെ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, എഡിറ്റർ ആയി തിരഞ്ഞെടുത്ത് ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കുട്ടികളിലെ സഹജമായ കലാവാസനകൾ ദൈവ നാമമഹത്വത്തിനായി വിനിയോഗിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ ഈ സംഘടനയുടെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

### അനുധാവനയോഗം

തൃശൂർ ക്രിസ്തുസഭാ യുവജനസംഘടന (CCYA) യുടെ ആഭിമുഖ്യത്തിൽ 2017 സെപ്റ്റംബർ 3, 4, 5 തീയതികളിൽ നടന്ന ഫാമിലി ക്യാമ്പിൽ പങ്കെടുത്ത ടീൻസിനും യുവജനങ്ങൾക്കുമായുള്ള ഒരു അനുധാവനയോഗം 2-10-2017 ന് വൈകിട്ട് 6 മണിക്കു ലാലൂരിലുള്ള രെഹോബോത്ത് ഹാളിൽവച്ചു കൂടി. ബ്രദർ ധർമ്മരാജ് സന്ദേശം നല്കി. ക്യാമ്പിൽ പങ്കെടുത്തവരിൽ അങ്കുരിച്ച ആത്മികാവേശത്തെ ജ്വലിപ്പിക്കുവാൻ പ്രസ്തുത യോഗം അവസരമൊരുക്കി.

### നിത്യതയിൽ

എബനെസർ ഗ്രൂപ്പിന്റെ ഡയറക്ടറും തൃശൂർ ക്രിസ്തുസഭാംഗവുമായ ബ്രദർ ടി.എഫ്. വിൽസന്റെ ഭാര്യ മിനി വിൽസന്റെ വാത്സല്യ സഹോദരൻ ജോൺസൺ (സിങ്) (57) താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ 16-9-2017 നു ശനിയാഴ്ച ചേർക്കപ്പെട്ടു. കോയമ്പത്തൂർ ബ്രദ്റൻ സഭയിലെ ശുശ്രൂഷകൾക്കുശേഷം ഭൗതികശരീരം കരിക്കാട്ടുള്ള തന്റെ വസതിയിൽ 17-9-2017 നു കൊണ്ടുവരുകയും അവിടത്തെ ശുശ്രൂഷകൾക്കുശേഷം കരിക്കാട് ബ്രദ്റൻ സഭാ ശ്മശാനത്തിൽ അടക്കം ചെയ്യുകയും ചെയ്തു.

REGISTERED RN 19963/70

Posted at
Thrissur RMS

# ജീവദ്ധ്വനി

ഒരു ക്രൈസ്തവ സാമൂഹ്യ സാഹിത്യ പത്രിക

## ക്രിസ്തുസഭ കൺവെൻഷൻ

# സുവിശേഷയോഗങ്ങൾ

## 2018 ഏപ്രിൽ

26 വ്യാഴം മുതൽ 29 ഞായർ വരെ
ദിവസവും വൈകിട്ട് 6.30 ന്

## രെഹോബോത്ത് ഹാൾ ഗ്രൗണ്ട്, ലാലൂർ

ബ്രദർ **റ്റി. പി. കനകരാജ്** (തിരുവനന്തപുരം)
ബ്രദർ **പി. വി. ജയിംസ്** (വാളകം)
ദൈവവചനം പ്രസംഗിക്കുന്നു

## തൃശൂർ ഡിവൈൻ സിങ്ങേഴ്സ്

ആത്മിക ഗാനശുശ്രൂഷ നിർവഹിക്കും

ജീവദ്ധ്വനിയുടെ ഒരു കോപ്പി
ഇന്നുതന്നെ ആവശ്യപ്പെടുക.
വാർഷിക വരിസംഖ്യ 50 രൂപ മാത്രം.

ട്രഷറർ, ജീവദ്ധ്വനി
എബനെസർ പ്രിന്റേഴ്സ്, തൃശൂർ – 680 012
ഫോൺ: 0487 2361892

ജീവദ്ധ്വനിയിലേക്കുള്ള ലേഖനങ്ങൾ,
മാറ്റപത്രങ്ങൾ, അഭിപ്രായങ്ങൾ,
ചോദ്യങ്ങൾ മുതലായവ ദയവായി അയയ്ക്കുക.

എഡിറ്റർ, ജീവദ്ധ്വനി
ദീപ്തി നഗർ, പൂത്തോൾ പി. ഒ.
തൃശൂർ – 680 004. ഫോൺ: 2382363

Printed & Published by T.F. James on behalf of the Secretary, Church of Christ Youths' Association, Thrissur and Printed at Ebenezer Printers, Thrissur - 680 012, Tel: 0487 2361892 and Published at Thrissur. Editor: K. R. Jose